# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6492** — 03.04.2018 ലെ മറുപടി

**കഴക്കൂട്ടം തെറ്റിയാർ തോട്ടിലേക്ക് മലിനജലം ഒഴുക്കുന്നത് തടയാൻ നടപടി**

**ചോദ്യം**

**ശ്രീ.കോവൂർ കുഞ്ഞുമോൻ :**

**മറുപടി**

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) കഴക്കൂട്ടം തെറ്റിയാർ തോട്ടിലേക്ക് വീടുകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും മലിനജലം ഒഴുക്കി വിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഇത് തടയാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും<br><br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വീടുകളിൽ നിന്നും മറ്റും മാലിന്യം ഈ തോട്ടിലേക്ക് വിടുന്നതിനെതിരെ നടപടി സ്വീകരിക്കണമെന്ന് കോർപ്പറേഷൻ അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഗാർഹിക - ഗാർഹികേതര മാലിന്യങ്ങൾ ഉറവിടത്തിൽ ത്തന്നെ വേർതിരിച്ച് സംരക്ഷിക്കുന്നതിനുള്ള നപടികൾ സ്വീകരിക്കാൻ കഴിഞ്ഞാൽ തോട്ടിലേയ്ക്കുള്ള മാലിന്യ നിക്ഷേപം ഒരു പരിധി വരെ ഒഴിവാക്കാനും സാധിക്കും . |
| (സി) തെറ്റിയാർ തോടിന്റെ സൈഡ് ഭിത്തി കെട്ടാൻ നടപടികൾ സ്വീകരിക്കുമോ? | (സി) തോട്, പുഴകൾ എന്നിവയുടെ സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ പരമാവധി ജൈവമാർഗ്ഗങ്ങൾക്ക് മുൻതൂക്കം നല്കണമെന്നതാണ് സർക്കാർ നയം ഇതനുസരിച്ച് തോടിന്റെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. സാമ്പത്തിക ലഭ്യതയനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ